പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5784 — 05/07/2013 -ൽ മറുപടിക്ക്

## അണ്ടർവാലുവേഷൻ കേസ്സുകളിൽ തീർപ്പു കൽപ്പിക്കുന്നത്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അച്ചുതൻ<br>,, വി. റ്റി. ബൽറാം<br>,, വർക്കല കഹാർ<br>,, വി. പി. സജീന്ദ്രൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ അണ്ടർ വാലുവേഷൻ കേസ്സുകളിൽ തീർപ്പുകൽപ്പിക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | എ) | 1986 മുതൽ 31/03/2012 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് കുടിശ്ശികയായി കിടപ്പുണ്ടായിരുന്ന അണ്ടർവാല്യുവേഷൻ കേസുകളിൽ സമയബന്ധിതമായി നടപടി പൂർത്തിയാക്കുന്നതിലേക്കായി സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) | 1986 മുതൽ 31/03/2012 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് കുടിശ്ശികയായി കിടപ്പുണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസുകളിൽ സമയബന്ധിതമായി നടപടി പൂർത്തിയാക്കി, കുടിശ്ശിക റവന്യൂ വസൂൽ ചെയ്യുക. |
| സി) എത്ര കേസ്സുകളാണ് പ്രസ്തുത പദ്ധതിയിലൂടെ തീർപ്പുകൽപ്പിക്കാൻ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ ; | സി) | 1355661 അണ്ടർവാല്യുവേഷൻ കേസുകൾ. |
| ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | ഡി) | പത്രമാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ, സബ് രജിസ്ട്രാർ ഓഫീസുകളിലും ജില്ലാ രജിസ്ട്രാർ ഓഫീസുകളിലും ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചും, നോട്ടീസ് നൽകിയും, പദ്ധതിയുടെ വിജയത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.